**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2064** **16-03-2022 - ൽ മറുപടിയ്ക്ക്**

**കുത്താട്ടുകുളം പോലിസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസിന്റെ നിലവിലെ സ്ഥിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | null<br>(മുഖ്യമന്ത്രി) | |
| (എ) | കുത്താട്ടുകുളം പോലിസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1146/21 യു./എസ്. 427, 436 ഐ.പി.സി. ആയി രജിസ്റ്റർ ചെയ്തിട്ടുള്ള കേസിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ; | (എ) | പ്രസ്തുത കേസ് നിലവിൽ അന്വേഷണത്തിലാണ്. |
| (ബി) | 2019, 2021 വർഷങ്ങളിൽ ഈ കേസുമായി ബന്ധപ്പെട്ട സംഭവങ്ങൾ ആവർത്തിച്ചിട്ടും പോലീസിന്റെ ഭാഗത്ത് നിന്നും നാളിതുവരെയും പ്രതികളെ അറസ്റ്റ് ചെയ്യാൻ നടപടി സ്വീകരിക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ; | (ബി) | പ്രതികളെ കണ്ടെത്തുന്നതിന് ഊർജിതമായ അന്വേഷണം നടത്തി വരുന്നു. പ്രതികളെക്കുറിച്ച് സൂചന ലഭിക്കുന്ന മുറയ്ക്ക് അറസ്റ്റ് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | അന്വേഷണം പ്രതികളെ സഹായിക്കുന്നുവെന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഇത്തരത്തിലുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | പ്രതികളെ കണ്ടെത്തുന്ന കാര്യത്തിൽ പോലീസ് സേനയ്ക്ക് വേണ്ടത്ര പരിശീലനം ലഭിക്കാത്തതാണ് ഇതിനു കാരണമെന്ന് കരുതുന്നുണ്ടോ; | (ഡി) | ഇല്ല. |
| (ഇ) | പ്രസ്തുത കേസ് അന്വേഷണത്തിന്റെ വിശദവിവരങ്ങൾ, കേസിൽ ചോദ്യം ചെയ്യപ്പെട്ടവരുടെ വിശദവിവരം, അന്വേഷണ ഉദ്യോഗസ്ഥർ ആരെല്ലാം എന്നിവ സംബന്ധിച്ച് വിശദവിവരം നൽകുമോ; | (ഇ) | സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, കൂത്താട്ടുകുളം ആണ് ഈ കേസിന്റെ നിലവിലെ അന്വേഷണ ഉദ്യോഗസ്ഥൻ. കേസ് അന്വേഷണാവസ്ഥയിലായതിനാൽ മറ്റ് വിവരങ്ങൾ വെളിപ്പെടുത്താൻ നിർവാഹമില്ല. |
| (എഫ്) | നടപടിക്രമങ്ങൾ പൂർത്തികരിച്ച് പ്രതികളെ എന്നത്തേക്ക് അറസ്റ്റ് ചെയ്യാൻ സാധിക്കുമെന്ന് അറിയിക്കുമോ; പ്രതികളെ സമയബന്ധിതമായി അറസ്റ്റ് ചെയ്യുന്നതിനായി ഉന്നത ഉദ്യോഗസ്ഥനെ ചുമതല ഏൽപ്പിക്കുമോ; അല്ലെങ്കിൽ ഒരു സ്പെഷ്യൽ ടീമിനെ നിയോഗിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (എഫ്) | ബഹു. കോടതി മുഖാന്തിരം ഫോറൻസിക് ലാബിലേക്ക് പരിശോധനയ്ക്കായി നൽകിയിട്ടുള്ള മെറ്റീരിയൽ ഒബ്ജക്ട്സ്, ഫിംഗർ പ്രിന്റ് എന്നിവയുടെ പരിശോധനാ ഫലം ലഭ്യമായാൽ പ്രതികളെ കുറിച്ച് കൂടുതൽ സൂചനകൾ ലഭിക്കുന്നതും അറസ്റ്റ് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. കൂത്താട്ടുകുളം പോലീസ് ഇൻസ്പെക്ടറുടെ ചുമതലയിൽ അന്വേഷണ ഉദ്യോഗസ്ഥനായ കൂത്താട്ടുകുളം എസ്.ഐ. ഉൾപ്പെടെ 9 അംഗ |

| | | | |
|---|---|---|---|
| | | | ടീമാണ് നിലവിൽ കേസ് അന്വേഷണം നടത്തി വരുന്നത്. |

സെക്ഷൻ ഓഫീസർ